**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2544** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഓട്ടുവ്യവസായം നേരിടുന്ന വെല്ലുവിളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പരമ്പരാഗതവ്യവസായമായിരുന്ന ഓട് വ്യവസായം വലിയ വെല്ലുവിളികൾ നേരിടുന്നുവെന്നും തകർച്ചയിലാണെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തൃശ്ശൂർ ജില്ലയിലെ ഓട്ടുവ്യവസായത്തിന് പീച്ചി, ചിമ്മിനി ഡാമുകളിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണ് ഉൾപ്പെടെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | പീച്ചി, ചിമ്മിനി ഡാമുകളിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ ഒന്നും നിലവിൽ ഇല്ല. |
| (സി) | ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും ബി.ടി.ആറിൽ പുരയിടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമികളിൽ നിന്ന് നിയന്ത്രിതമായ രീതിയിൽ മണ്ണെടുത്ത് ഓട്ടുവ്യവസായത്തിന് ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കളിമണ്ണ് ഉൾപ്പെടെ എല്ലാവിധ ഖനനപ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതിയോടുകൂടിയുള്ള ഖനന പെർമിറ്റ് സമ്പാദിക്കണം എന്ന വ്യവസ്ഥയുണ്ടെങ്കിലും പരമ്പരാഗത മൺപാത്രതൊഴിലാളികൾക്ക് പ്രതിവർഷം 50 മെട്രിക് ടൺ കളിമണ്ണ് റോയൽറ്റി ഒടുക്കാതെ തന്നെ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ് അനുവദിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടുന്ന ഇനത്തിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും പ്രസ്തുത ഇളവ് നൽകിയിട്ടുള്ളതാണ്. പരമ്പരാഗത മൺപാത്ര തൊഴിലാളിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ പുരയിടം ഇനത്തിൽപ്പെട്ട ഭൂമിയിൽ ഭൂവുടമയുടെ സമ്മതപത്രത്തോടെ, പ്രതിവർഷം 50 മെട്രിക് ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി നൽകി വരുന്നു. |
| (ഡി) | പ്രവർത്തനം പൂർണ്ണമായി അവസാനിപ്പിച്ച നിരവധി ഓട്ടുകമ്പനികളിൽ നേരത്തെ ശേഖരിച്ചിരുന്ന മണ്ണ്, നിലവിൽ പ്രവർത്തിച്ചുവരുന്ന ഓട്ടുകമ്പനികൾക്ക് ഉപയോഗിക്കുന്നതിനായി മാറ്റുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ? | (ഡി) | ധാതു നീക്കം ചെയ്യുന്നതിന് അപേക്ഷ ലഭിച്ചാൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ